# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തിമൂന്ന്

## പുതിയ യെരൂശലേം

## (5)

Sat ഈ ദൂതിൽ പുതിയ യെരൂശലേമിന്റെ കവാടങ്ങളും അതിന്റെ വീഥിയും എന്ന നിർണ്ണായകമായ രണ്ടു വശങ്ങളെക്കുറിച്ച് നമുക്കു ചിന്തിക്കാം. നഗരവും, മതിലും, അടിസ്ഥാനങ്ങളും വളരെ പ്രധാനമാണെന്നതിന് സംശയമില്ല. എങ്കിലും, പുതിയ യെരൂശലേമിന് കവാടങ്ങൾ ഇല്ലാതിരുന്നുവെങ്കിൽ അതിലേക്ക് പ്രവേശിക്കുവാൻ യാതൊരു മാർഗവും ഉണ്ടാകുമായിരുന്നില്ല. അങ്ങനെയാണെങ്കിൽ, ഈ നഗരം ഒരുവിധത്തിലും പ്രായോഗിക മാകുമായിരുന്നില്ല; അത് പ്രദർശനത്തിനുമാത്രം കൊള്ളാവുന്നതാ യിരിക്കും. എന്നാൽ പുതിയ യെരൂശലേമിന് പന്ത്രണ്ട് കവാടങ്ങൾ ഉള്ളതുകൊണ്ട്, അതു വളരെ പ്രായോഗികമാണ്.

ചില ശുശ്രൂഷകൾ നല്ലതാണ്. എങ്കിലും, ഈ ശുശ്രൂഷകൾക്ക് കവാടങ്ങളും വീഥികളും ഇല്ലാത്തതുകൊണ്ട്, വാസ്തവത്തിൽ അവ നല്കുവാനുള്ളതിലേക്കു പ്രവേശിക്കുവൻ യാതൊരു മാർഗവുമില്ല. സഹോദരൻ നീയുടെ ശുശ്രൂഷകളുടെ പ്രത്യേകമായ സവിശേഷത, അദ്ദേഹം ഒരു വിഷയം ശുശ്രൂഷിച്ചപ്പോഴെല്ലാം അതിലേക്ക് പ്രവേശിക്കാനുള്ള മാർഗത്തെ സംബന്ധിച്ച് വ്യക്തമായ ഒരു വീക്ഷണം എപ്പോഴും നിങ്ങൾക്ക് നല്കിയിരുന്നു എന്നതാണ്. അനേകരും റോമാലേഖനത്തിന്റെ അഞ്ചും, ആറും, ഏഴും, എട്ടും അധ്യായങ്ങളെക്കുറിച്ച് സംസാരിക്കാറുണ്ട്. എന്നാൽ ഈ അധ്യായങ്ങളെക്കുറിച്ച് അവർ എത്രതന്നെ സംസാരിച്ചാലും അവയിലേക്ക് കടക്കുവാനുള്ള വഴി അവർ നിങ്ങൾക്കു നല്കുന്നില്ല. അതിനു വിരുദ്ധമായി, സഹോദരൻ നീയുടെ *The Normal Christian Life* എന്ന പുസ്തകത്തിൽ, ആ പുസ്തകം വിവരിക്കുന്ന കാര്യം അനുഷ്ഠിക്കുവാനുള്ള കവാടങ്ങളും നിശ്ചിതമായ ഒരു വഴിയും നമുക്കു കാണിച്ചുതരുന്നു. നിങ്ങൾ എത്രയധികം ഈ പുസ്തകം വായിക്കുന്നുവോ, അത്രയധികം അത് നിങ്ങൾക്കുവേണ്ടി സജ്ജീകരിക്കുന്ന കവാടങ്ങളെ നിങ്ങൾക്ക് കാണുവാൻ

കഴിയും. കഴിഞ്ഞ കാലങ്ങളിൽ മറ്റുചില ശുശ്രൂഷകളെ ഞാൻ വിലമതിച്ചിരുന്നുവെങ്കിലും, അത് എന്താണോ അവതരിപ്പിക്കുന്നത് അതിലേക്ക് പ്രവേശിക്കുവാൻ യാതൊരു വഴിയും ഉണ്ടായിരുന്നില്ലെന്ന് അവസാനം ഞാൻ കണ്ടെത്തി. എനിക്ക് പ്രശംസിക്കുവാൻ കഴിയുന്ന വിധത്തിൽ ആകാശത്തിലുള്ള മനോഹരമായ ഒരു കെട്ടിടത്തെ എനിക്ക് കാണിച്ചുതരുവാൻ ആ ശുശ്രൂഷകൾ ഉണ്ടായിരുന്നവർക്ക് കഴിഞ്ഞുവെങ്കിലും അതിലേക്ക് പ്രവേശിക്കുവാനുള്ള പ്രായോഗികമായ മാർഗം അവർ നല്കിയില്ല. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ ശുശ്രൂഷ സഹോദരൻ നീയുടെ ശുശ്രൂഷയുടെ തത്ത്വത്തെ തുടർന്നുകൊണ്ടിരിക്കുന്നു. നാം ശുശ്രൂഷിക്കുന്നതെല്ലാം പ്രായോഗികമായ മാർഗത്തിൽ അവതരിപ്പിക്കപ്പെടുന്നു. തന്മൂലം, ശുശ്രൂഷ അവതരിപ്പിക്കുന്നതിലേക്കു പ്രവേശിക്കുവാൻ നിങ്ങൾക്കൊരു വഴിയുണ്ട്. ഇതുപോലെ, പുതിയ യെരൂശലേം പ്രായോഗികമാണ്. അതിന്റെ പ്രായോഗികത അതിന്റെ കവാടങ്ങളിലും അതിന്റെ വീഥിയിലും കാണപ്പെടുന്നു. ഏതു ദിശയിൽനിന്ന് ഈ നഗരത്തിലേക്ക് നിങ്ങൾ സമീപിച്ചാലും, അതിലേക്ക് പ്രവേശിക്കുവാൻ ഒരു വഴി നിങ്ങൾക്കുണ്ട്.

പ്രായോഗികതയെ സംബന്ധിച്ച ഈ വിഷയം കർത്താവിലുള്ള നിരവധി നല്ലവരും ഉറ്റവരുമായ സ്നേഹിതരെ എനിക്കു നഷ്ടപ്പെടുവാൻ ഹേതുവായിത്തീർന്നിട്ടുണ്ട്. വളരെ സവിശേഷമായ ശുശ്രൂഷ ഉണ്ടായിരുന്ന ഒരു സഹോദരനോടുകൂടെ താമസിക്കുവാൻ ഒരിക്കൽ ഞാൻ ഇംഗ്ലണ്ടിലേക്ക് ക്ഷണിക്കപ്പെട്ടു. ഞാൻ അവിടെയായിരുന്നപ്പോൾ ഈ സഹോദരനും ഞാനും ഓരോ പ്രാവശ്യവും രണ്ടു മൂന്നു മണിക്കൂർ ദൈർഘ്യമുള്ള നിരവധി നീണ്ട സംഭാഷണങ്ങൾ നടത്തിയിരുന്നു. ഞങ്ങളുടെ എല്ലാ സംഭാഷണങ്ങളും ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രായോഗികതയെ സംബന്ധിച്ചായിരുന്നു. ഞങ്ങൾ രണ്ടുപേരും ശരീരത്തെയും, ദൈവത്തിന്റെ ഇപ്പോഴത്തെ സാക്ഷ്യത്തെയും, പുനരുത്ഥാനജീവന്റെ തത്ത്വത്തെയും കണ്ടവരായിരുന്നു. ഈ സഹോദരൻ കണ്ടത് പ്രതിധ്വനിക്കുവാൻ എനിക്കും, ഞാൻ കണ്ടത്, പ്രത്യേകിച്ചും കർത്താവിന്റെ ശരീരത്തെ സംബന്ധിച്ചത്, പ്രതിധ്വനിക്കുവാൻ ഈ സഹോദരനും കഴിഞ്ഞിരുന്നു,. എങ്കിലും ഞങ്ങൾ തമ്മിൽ ഒരു വ്യത്യാസം ഉണ്ടായിരുന്നു. സഹോദരൻ നീയുടെ സഹായത്താൽ ശരീരത്തിന്റെ പ്രായോഗികത ഞാൻ കാണുകയും, ഇതിനെ കരുതിക്കൊള്ളുവാൻ ഞാൻ ഭാരപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ഇംഗ്ലണ്ടിൽ ഈ ശുശ്രൂഷയോടു ബന്ധപ്പെട്ടവർ പ്രായോഗികമായ വശത്തിനുവേണ്ടി കരുതിയില്ല. ഒടുവിൽ, ഞങ്ങളുടെ ദീർഘമായ സംഭാഷണങ്ങളിലൂടെ, ഈ സഹോദരന് ശരീരത്തിന്റെ കാഴ്ചപ്പാടു മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും, എന്നാൽ അതിനെ അനുഭവമാക്കുവാനുള്ള

പ്രായോഗിക മാർഗം ഇല്ലായിരുന്നുവെന്നും ഞാൻ മനസ്സിലാക്കി. അദ്ദേഹം ഈ പ്രായോഗികത കണ്ടിരുന്നില്ലെന്നു മാത്രമല്ല, അതു കാണുവാൻ ഇച്ഛിച്ചതുമില്ല. നമുക്ക് ശരീരത്തിന്റെ ദർശനം മാത്രമല്ല, ശരീരത്തിന്റെ പ്രായോഗികതയും ആവശ്യമാണെന്ന് ഞാൻ അദ്ദേഹത്തിന് വ്യക്തമാക്കിക്കൊടുത്തു. സഭയുടെ പ്രായോഗികതയോടുള്ള ബന്ധത്തിൽ ഞാൻ *The Practical Expression of the Church (സഭയുടെ പ്രായോഗിക ആവിഷ്കാരം)* എന്ന പേരിൽ ഒരു പുസ്തകം ഞാൻ പ്രസിദ്ധപ്പെടുത്തി. സഭയുടെ പ്രായോഗികത എന്ന വിഷയത്തിൽ എനിക്ക് ചില പ്രിയപ്പെട്ട സ്നേഹിതന്മാരെ നഷ്ടപ്പെട്ടുവെങ്കിലും, മാർഗം ഇപ്പോഴും മാർഗം തന്നെയാണ്. ഇംഗ്ലണ്ടിലെ ഈ സഹോദരനുമായുള്ള എന്റെ സന്ദർശനത്തിനുശേഷം പതിനെട്ടിലധികം വർഷങ്ങളായി കർത്താവ് സഭയുടെ പ്രായോഗികതയെ സമർഥിച്ചുകൊണ്ടിരിക്കുന്നു.

## XII. അതിന്റെ കവാടങ്ങൾ

ഇനി നമുക്ക് പുതിയ യെരൂശലേമിന്റെ കവാടങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കാം. കവാടങ്ങളുടെ പ്രാധാന്യം അടിസ്ഥാനങ്ങളുടേതിനെക്കാൾ ഒട്ടും ഗഹനമല്ലാത്തതല്ല. ഈ പന്ത്രണ്ട് കവാടങ്ങളുടെ പ്രാധാന്യം ഗ്രഹിക്കുന്നത് നിർണ്ണായകമാണ്.

### A. നാലു വശങ്ങളിലും മൂന്നുവീതം

പുതിയ യെരൂശലേമിൽ കിഴക്ക് മൂന്നും, വടക്ക് മൂന്നും, തെക്ക് മൂന്നും, പടിഞ്ഞാറ് മൂന്നും കവാടങ്ങളുണ്ടെന്ന് വെളിപ്പാട് 21:13 വെളിപ്പെടുത്തുന്നു. അങ്ങനെ, നാലു വശങ്ങളിലും മൂന്നുവീതം കവാടങ്ങളോടുകൂടിയ നഗരം സമചതുരമായി കിടക്കുന്നു (വാ. 16). സൂര്യോദയത്തിന്റെ തേജസ്സിനുനേരെയുള്ള മുൻവശമായ കിഴക്കുവശം ഒന്നാം സ്ഥാനത്താണ്; മുകളിലുള്ള വടക്കുവശം രണ്ടാം സ്ഥാനത്താണ്; താഴെയുള്ള തെക്കുവശം മൂന്നാം സ്ഥാനത്താണ്; പുറകിലുള്ള പടിഞ്ഞാറുവശം നാലാം സ്ഥാനത്താണ്. ഭൂമിയിലെ സകല ജനങ്ങൾക്കും വിശുദ്ധനഗരത്തിലേക്കുള്ള പ്രവേശനത്തിന്റെ ലഭ്യതയെ സൂചിപ്പിച്ചുകൊണ്ട്, നാലു വശങ്ങളില്ലുമുള്ള കവാടങ്ങൾ ഭൂമിയുടെ നാലു ദിക്കുകൾക്കു നേരെയാണ്. (ഉല്പത്തി 2:10-14-ലെ നദിയുടെ നാലു ശാഖകളുമായി താരതമ്യം ചെയ്യുക).

#### *1. ത്രിയേക ദൈവം സകല ജനത്തിനും ലഭ്യനാകുന്നു*

ഓരോ വശത്തുമുള്ള മൂന്നു കവാടങ്ങൾ ജനത്തെ വിശുദ്ധനഗരത്തിലേക്ക് കൊണ്ടുവരുവാൻ ത്രിയേക ദൈവം—പിതാവും, പുത്രനും, ആത്മാവും—ഒരുമിച്ചു പ്രവർത്തിക്കുന്നുവെന്നു

സൂചിപ്പിക്കുന്നു. ഇത് ലൂക്കൊസ് 15-ലെ മൂന്ന് ഉപമകളിൽ സൂചിപ്പിക്കുകയും മത്തായി 28:19-ലെ കർത്താവിന്റെ വാക്കിൽ ധ്വനിപ്പിക്കുകയും ചെയ്യു. ലൂക്കൊസ് 15-ലെ മൂന്ന് ഉപമകൾ ഇടയനെയും കാണാതപോയ ആടിനെയും, സ്ത്രീയെയും കാണാതെപോയ നാണയത്തെയും, പിതാവിനെയും മടങ്ങിവന്ന മകനെയും സംബന്ധിച്ചുള്ളതാണ്. ഇടയൻ പുത്രനെയും, പിതാവ് തീർച്ചയായും പിതാവിനെയും പരാമർശിക്കുകയും, സ്ത്രീ ആത്മാവിനെ സൂചിപ്പിക്കുകയും ചെയ്യുന്നു. ഒരു പാപിയെ പിതാവിന്റെ ഭവനത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനായി കാണാതെപോയ ആടിനെ മടക്കിക്കൊണ്ടുവരുന്ന ഇടയനായ പുത്രന്റെ ആവശ്യവും, ജനം മാനസാന്തരപ്പെടുവാൻ അവരുടെ ഹൃദയത്തെ പ്രകാശിപ്പിക്കേണ്ടതിന് ആത്മാവിന്റെ ആവശ്യവും, മടങ്ങിവന്നവനും മാനസാന്തരപ്പെട്ടവനുമായ ധൂർത്തുപുത്രനെ സ്വീകരിക്കുവാൻ പിതാവിന്റെ ആവശ്യവും ഉണ്ട്. ഇക്കാരണത്താൽ, ത്രിയേക ദൈവമാണ് പുതിയ യെരൂശലേമിലേക്കുള്ള പ്രവേശനം.

ജനത്തെ വിശുദ്ധനഗരത്തിലേക്ക് കൊണ്ടുവരുവാൻ ത്രിയേക ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത മത്തായി 28:19-ലെ കർത്താവിന്റെ വാക്കിൽ ഉള്ളടങ്ങിയിരിക്കുകയും ചെയ്യുന്നു. പിതാവിലേക്കും, പുത്രനിലേക്കും, ആത്മാവിലേക്കും സ്നാനപ്പെടുന്നത് വിശുദ്ധനഗരത്തിലേക്കുള്ള പ്രവേശനമാണ്. അങ്ങനെ, പിതാവും പുത്രനും ആത്മാവും നഗരത്തിന്റെ ഓരോ വശത്തിലുള്ള മൂന്നു കവാടങ്ങളാണ്. മൂന്നു കവാടങ്ങൾ യഥാക്രമം മൂന്നു വശങ്ങളിലല്ല; മറിച്ച്, നാലു വശങ്ങളിൽ ഓരോന്നിലും മൂന്നു കവാടങ്ങൾ വീതമുണ്ട്. ഏതെങ്കിലും ഒരു വശത്തെ കവാടങ്ങൾ കൃത്യമായും മറ്റു മൂന്നു വശങ്ങളിലുള്ള കവാടങ്ങൾപോലെ തന്നെയാണ്. ഭൂമിയുടെ നാലു കോണിലുമുള്ള ജനത്തിന് ത്രിയേക ദൈവം ലഭ്യനാണെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു.

നമ്മുടെ അടുക്കലെത്തുവാനും നമ്മെ അവന്റെ നിത്യ വ്യവസ്ഥയിലേക്കു കൊണ്ടുവരുവാനും ത്രിയേക ദൈവം വന്നുവെന്ന് മൂന്നു കവാടങ്ങൾ സൂചിപ്പിക്കുന്നു. നമ്മുടെ അടുക്കലെത്തുവാനും നമ്മെ അവന്റെ വ്യവസ്ഥയിലേക്ക് മടക്കിക്കൊണ്ടുവരുവാനും ദൈവത്വത്തിലെ മൂവരായ പിതാവും, പുത്രനും, ആത്മാവും ദൈവത്തിന്റെ വ്യവസ്ഥയിൽ പുറത്തുവന്നിരിക്കുന്നു. പുതിയനിയമത്തിലെ നിരവധി വാക്യങ്ങൾ ത്രിയേക ദൈവത്തെക്കുറിച്ചു സംസാരിക്കുന്നു. ഉദാഹരണത്തിന്, എഫെസ്യർ 3:14-17-ൽ പൗലൊസ് പറഞ്ഞു, "ഞാൻ... പിതാവിങ്കലേക്ക് മുട്ടുകുത്തുന്നു, അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ

അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും, അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും." ഈ വാക്യങ്ങളിൽ നാം പിതാവിനെയും, ആത്മാവിനെയും, പുത്രനായ ക്രിസ്തുവിനെയും കാണുന്നു. 2 കൊരിന്ത്യർ 13:14-ഉം ത്രിയേക ദൈവത്തെ അനാവരണം ചെയ്യുന്നു, "കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ." ഈ വാക്യത്തിൽ ദൈവത്വത്തിലെ മൂവർ അവന്റെ പകർച്ചയ്ക്കുവേണ്ടിയും, അവന്റെ പുറത്തേക്കുള്ള പോക്കിനും അകത്തേക്കുള്ള വരവിനുംവേണ്ടിയും, അതായത്, അവന്റെ പുറത്തേക്കുള്ള വ്യാപനത്തിനും നമ്മുടെ അകത്തേക്കുള്ള പ്രവേശനത്തിനുംവേണ്ടിയും ആണ്.

മുഴുവൻ വേദപുസ്തകത്തിലും മനുഷ്യനെക്കുറിച്ചുള്ള ആദ്യ പരാമർശത്തിൽ ത്രിയേക ദൈവവുമായുള്ള അവന്റെ ബന്ധത്തോടനുബന്ധിച്ച് സംസാരിക്കുന്നു. ഉല്പത്തി 1:26 പറയുന്നു, "അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക." ഈ വാക്യത്തിലെ "നമ്മുടെ" ത്രിയേക ദൈവത്തെ സൂചിപ്പിക്കുന്നു. അങ്ങനെ, മനുഷ്യനെക്കുറിച്ച് ആദ്യം പറഞ്ഞിരിക്കുന്ന ഈ വാക്യത്തിൽ ദൈവം ത്രിയേകനാണെന്ന് സൂചിപ്പിച്ചിരിക്കുന്നു. ദൈവം ത്രിയേകനല്ലായിരുന്നുവെങ്കിൽ, അവനെത്തന്നെ നമ്മിലേക്കു പകരുവാനും, അവനെത്തന്നെ നമ്മിലേക്കു പണിതുചേർക്കുവാനും, അവനെത്തന്നെ നമ്മോട് ഇഴുകിച്ചേർക്കുവാനും അവനു കഴിയുമായിരുന്നില്ല. എന്നാൽ ദൈവം ത്രിയേകനായതുകൊണ്ട്, അവന് മനുഷ്യരിലേക്ക് പ്രവേശിക്കുവാൻ കഴിയും. പിതാവ് സ്രോതസ്സും, പുത്രൻ ഗതിയും, ആത്മാവ് ഒഴുക്കും ആണ്. ഈ രീതിയിൽ ത്രിയേക ദൈവം നമ്മിലേക്കു വരുന്നു.

## *2. തന്റെ സൃഷ്ടിയായ മനുഷ്യനുമായുള്ള ത്രിയേക ദൈവത്തിന്റെ ഇഴുകിച്ചേരൽ*

നാലു വശങ്ങളിൽ ഓരോന്നിലും മൂന്നു കവാടങ്ങളുമായി പന്ത്രണ്ട് എന്ന സംഖ്യ സംരചിക്കപ്പെടുന്നത്, ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യനുമായി ത്രിയേക ദൈവം ഇഴുകിച്ചേരുന്നതിനെയും വിവക്ഷിക്കുന്നു. നാല് എന്ന സംഖ്യ സൃഷ്ടിയെ സൂചിപ്പിക്കുകയും (4:6), മൂന്ന് എന്ന സംഖ്യ, തീർച്ചയായും ത്രിയേക ദൈവത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. പന്ത്രണ്ട് എന്ന സംഖ്യ കൂട്ടുന്നതിനെയല്ല, ഗുണനീകരണത്തെയാണ് കുറിക്കുന്നത്. ഒരു സംരചനയെ, ഒരു സംയുക്തത്തെ, ഉളവാക്കുവാനായി ത്രിയേക ദൈവം തന്റെ സൃഷ്ടിയായ മനുഷ്യനുമായി ഇഴുകിച്ചേരുന്നതിനെ മൂന്നു മടങ്ങ് നാല് സൂചിപ്പിക്കുന്നു.

## B. ഓരോ കവാടവും ഒരു മുത്ത് ആകുന്നു

വാക്യം 21 പറയുന്നു, "പന്ത്രണ്ടു കവാടങ്ങൾ പന്ത്രണ്ടു മുത്തുകൾ ആയിരുന്നു: ഓരോ കവാടവും ഓരോ മുത്തുകൊണ്ടുള്ളതായിരുന്നു." പൊന്ന് ദിവ്യപ്രകൃതത്തെ സൂചിപ്പിക്കുന്നുവെന്നും, വിലയേറിയ കല്ലുകൾ ആത്മാവിന്റെ രൂപാന്തരപ്പെടുത്തുന്ന വേലയാൽ ഉളവാക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നുവെന്നും നാം കണ്ടു. മുത്തിന്റെ പ്രാധാന്യം അത് ഉളവാക്കപ്പെടുന്ന രീതിയിൽ കാണുവാൻ കഴിയും. മുത്തുകൾ മരണജലത്തിലെ മുത്തുച്ചിപ്പികളാൽ ഉളവാക്കപ്പെടുന്നു. മുത്തുച്ചിപ്പി ഒരു തരി മണലാൽ മുറിവേല്പിക്കപ്പെടുമ്പോൾ അത് അതിന്റെ ജീവരസം മണലിനുചുറ്റും സ്രവിപ്പിക്കുകയും അതിനെ വിലയേറിയ ഒരു മുത്താക്കുകയും ചെയ്യുന്നു. ജീവനുള്ളവനായ ക്രിസ്തു മരണജലത്തിലേക്കു വന്ന്, നമ്മളാൽ മുറിവേല്പിക്കപ്പെട്ട്, നമ്മെ ദൈവത്തിന്റെ നിത്യാവിഷ്കാരമെന്ന കെട്ടിടത്തിനുവേണ്ടിയുള്ള വിലയേറിയ മുത്തുകളാക്കേണ്ടതിന് അവന്റെ ജീവരസം നമ്മുടെമേൽ സ്രവിപ്പിക്കുന്നതിനെയും ഇതു വർണ്ണിക്കുന്നു.

ദൈവത്തിന്റെ ജ്ഞാനത്തെ നാം ആദരിക്കണം. അവന്റെ സൃഷ്ടിപ്പിലുള്ള ഏകദേശം സകലവും അവന്റെ വ്യവസ്ഥയുടെ ഒരു വശത്തിന്റെ ഒരു ഉദാഹരണമാണ്. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, പ്രകൃതിയിൽ കണ്ടിരുന്ന നിരവധി കാര്യങ്ങളെ ഉപമകളായി അവൻ ഉപയോഗിച്ചു. വെളിച്ചവും ഗോതമ്പും ആഹാരവും മുത്തുകളെ ഉളവാക്കുന്ന മുത്തുച്ചിപ്പികൾപോലും ഉപമകളായിരുന്നു. ജീവനുള്ളവനായ ക്രിസ്തു നമ്മുടെ മരണസാഹചര്യത്തിലേക്കു പ്രവേശിക്കുകയും, അതിൽ ജീവിക്കുകയും ചെയ്തു. മരണജലത്തിൽ ജീവിച്ചതിലൂടെ അവൻ നമ്മളാൽ മുറിവേല്പിക്കപ്പെട്ടു. അവനെ മുറിവേല്പിച്ചതിനുശേഷം നാം അവന്റെ മുറിവിനടുത്തു തങ്ങി. നാം മാനസാന്തരപ്പെടുകയും, അവനിൽ വിശ്വസിക്കുകയും, അവനെ സ്വീകരിക്കുകയും ചെയ്തുവെന്ന് ഇത് അർഥമാക്കുന്നു. അവന്റെ ക്രൂശുമരണത്തിൽ അവൻ സഹിച്ച മുറിവുകളെ നാം എത്ര ആഴമായി വിലമതിക്കുന്നു! നാം അവന്റെ മുറിവിനടുത്ത് തങ്ങുമ്പോൾ, അവൻ തന്റെ പുനരുത്ഥാനജീവനെന്ന ജീവരസം സ്രവിപ്പിക്കുകയും, ഈ ജീവരസം നമ്മെ പൊതിയുകയും, ഒടുവിൽ നമ്മെ മുത്തുകളായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മുറിവിൽ തങ്ങുന്നതിലൂടെ നാം അവന്റെ ജീവൻ സ്വീകരിക്കുകയും വീണ്ടുംജനിപ്പിക്കപ്പെടുകയും ചെയ്യുന്നു. നമ്മുടെ വീണ്ടുംജനനത്തിനുശേഷം അവിടെ തങ്ങുന്നതിലൂടെ നാം രൂപാന്തരപ്പെടുകയും മുത്തുകളായിത്തീരുകയും ചെയ്യുന്നു.

വിശുദ്ധനഗരത്തിന്റെ പന്ത്രണ്ട് കവാടങ്ങൾ പന്ത്രണ്ടു മുത്തുകളാണെന്നത്, മരണത്തെ ജയിക്കുന്നവനും ജീവൻ സ്രവിപ്പിക്കുന്നവനുമായ ക്രിസ്തുവിലൂടെയുള്ള വീണ്ടുംജനനം

നഗരത്തിലേക്കുള്ള പ്രവേശനമാണെന്നു സൂചിപ്പിക്കുന്നു. ഈ പ്രവേശനം യിസ്രായേൽ പ്രതിനിധീകരിക്കുന്നതുപോലെയും കാവൽചെയ്യുന്ന ദൂതന്മാർ നിരീക്ഷിക്കുന്നതുപോലെയും (വാ. 12) ന്യായപ്രമാണത്തിന്റെ ആവശ്യകതയെ സന്ധിക്കുന്നു. ഇക്കാരണത്താൽ, മുത്ത് നഗരത്തിലേക്കുള്ള പ്രവേശനമാണ്. എങ്ങനെയാണ് നിങ്ങൾ പുതിയ യെരൂശലേമിലേക്കു പ്രവേശിച്ചത്? നിങ്ങൾ മതിൽ ചാടിക്കടന്നതാണോ? മതിൽ വളരെയെറെ പൊക്കമുള്ളതുകൊണ്ട് അത് അസാധ്യമായിരിക്കും. പുതിയ യെരൂശലേമിലേക്കു പ്രവേശിക്കുവാനുള്ള ഒരേയൊരു വഴി മുത്തു കവാടങ്ങളിലൂടെ, മരണത്തെ ജയിക്കുകയും ജീവൻപകരുകയും ചെയ്യുന്ന ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ സംരചിക്കപ്പെട്ട കവാടങ്ങളിലൂടെ, ആണ്. നാം എല്ലാവരും ഈ രീതിയിൽ പുതിയ യെരൂശലേമിൽ പ്രവേശിച്ചിട്ടുള്ളതിനായി കർത്താവിനെ സ്തുതിക്കുന്നു! നാം ഏറ്റുപറയുകയും, നാം മാനസാന്തരപ്പെടുകയും, നാം അവന്റെ മരണത്തെ വിലമതിക്കുകയും, അവന്റെ മുറിവുകളിൽ തങ്ങുന്നത് നാം ആസ്വദിക്കുകയും ചെയ്തു. ഉടനെതന്നെ, നമ്മെ വീണ്ടുംജനിപ്പിച്ച ജീവസ്രവണം നാം സ്വീകരിച്ചു; അതിപ്പോൾ നമ്മെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ നാം അനുഭവമാക്കുന്നതിലൂടെ നാം മുത്തുകവാടങ്ങളിലൂടെ കടന്നുപോകുകയും ഇപ്പോൾ നഗരത്തിനുള്ളിൽ ആയിരിക്കുകയും ചെയ്യുന്നു. ഹല്ലേലൂയ്യാ!

കവാടങ്ങൾ ഓരോന്നും യഥാക്രമം ഒരു മുത്താണെന്ന വസ്തുത സൂചിപ്പിക്കുന്നത് നഗരത്തിലേക്കുള്ള പ്രവേശനം നിസ്തുലവും ഒരിക്കലായിട്ടുള്ളതും ആകുന്നു എന്നാണ്; അതായത്, ക്രിസ്തുവിന്റെ ജയകരമായ മരണത്താലും ജീവൻപകരുന്ന പുനരുത്ഥാനത്താലും ഒരിക്കലായിട്ടുള്ള വീണ്ടുംജനനത്തിലൂടെ മാത്രമാകുന്നു എന്നാണ്.

## C. പന്ത്രണ്ട് യിസ്രായേൽ ഗോത്രങ്ങളുടെ പേരുകൾ വഹിക്കുന്നു

യിസ്രായേൽപുത്രന്മാരുടെ പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകൾ നഗരത്തിന്റെ പന്ത്രണ്ടു കവാടങ്ങളിൽ കൊത്തിയിരിക്കുന്നു (വാ. 12). ന്യായപ്രമാണം പുതിയ യെരൂശലേമിന്റെ കവാടങ്ങളിൽ പ്രതിനിധീകരിക്കപ്പെടുന്നു എന്നു സൂചിപ്പിച്ചുകൊണ്ട്, പഴയനിയമത്തിലെ ന്യായപ്രമാണത്തെ ഇവിടെ യിസ്രായേൽ പ്രതിനിധീകരിക്കുന്നു. വിശുദ്ധനഗരത്തിന്റെ എല്ലാ ആശയവിനിമയങ്ങളും, അകത്തേക്കുള്ള വരവും പുറത്തേക്കുള്ള പോക്കും, അതിന്റെ ആവശ്യതകൾ സന്ധിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ ന്യായപ്രമാണം ജാഗരിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെ, ഈ നഗരത്തിന്റെ എല്ലാ ആശയവിനിമയങ്ങളും ദൈവത്തിന്റെ ന്യായപ്രമാണത്തിനൊത്തവണ്ണമാണ്.

അപ്പൊസ്തലന്മാർ കൃപയെ പ്രതിനിധാനംചെയ്യുമ്പോൾ യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ ന്യായപ്രമാണത്തെ പ്രതിനിധാനംചെയ്യുന്നു. പന്ത്രണ്ടു കവാടങ്ങൾ ന്യായപ്രമാണപ്രകാരം ഉളവാക്കപ്പെട്ടതായിരുന്നു. ക്രിസ്തു ന്യായപ്രമാണമനുസരിച്ച് നമ്മുടെ പാപത്തിനുവേണ്ടി മരിക്കുകയും, വളരെ അനുലോമമായ അർഥത്തിൽ, അവൻ ന്യായപ്രമാണത്തെ പരിപൂർണ്ണമാക്കുന്നതിനുവേണ്ടി മരിച്ചവരുടെ ഇടയിൽനിന്നും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. നമ്മുടെ മാനസാന്തരംപോലും ന്യായപ്രമാണമനുസരിച്ചായിരുന്നു, കാരണം നാം മാനസാന്തരപ്പെട്ടത് ന്യായപ്രമാണം ലംഘിച്ചതുകൊണ്ടും, നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞത് ന്യായപ്രമാണമനുസരിച്ചും ആണ്. അങ്ങനെ, ന്യായപ്രമാണം ക്രിസ്തുവിന്റെ മരണത്തിലും, നമ്മുടെ മാനസാന്തരത്തിലും ഏറ്റുപറച്ചിലിലുമുള്ള ഒരു അടിസ്ഥാന ഘടകമായിരുന്നു. പന്ത്രണ്ട് മുത്തുകവാടങ്ങൾ തികച്ചും ന്യായപ്രമാണമനുസരിച്ചാണെന്നും ന്യായപ്രമാണത്തിന്റെ ആവശ്യകതകൾ നിറവേറ്റിയതാണെന്നും ഇത് അർഥമാക്കുന്നു. വിശുദ്ധനഗരത്തിലേക്കുള്ള നമ്മുടെ പ്രവേശനം ന്യായപ്രമാണത്തെ ലംഘിച്ചില്ല: മറിച്ച്, അത് ന്യായപ്രമാണമനുസരിച്ചും ന്യായപ്രമാണത്തിന്റെ നിറവേറൽപോലും ആയിരുന്നു. ന്യായപ്രമാണം ആവശ്യപ്പെട്ടതെല്ലാം നഗരത്തിലേക്കുള്ള നമ്മുടെ പ്രവേശനത്തിൽ നിവർത്തിക്കപ്പെട്ടു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, നാം ന്യായപ്രമാണപ്രകാരം പുതിയ യെരൂശലേമിലേക്കു പ്രവേശിച്ചു. തന്റെ മരണ പുനരുത്ഥാനങ്ങളാൽ ക്രിസ്തു ന്യായപ്രമാണത്തിന്റെ ആവശ്യകതകൾ പൂർണ്ണമായി നിവർത്തിച്ചതുകൊണ്ട് നമ്മുടെ പ്രവേശനം മൊത്തത്തിൽ നിയമാനുസൃതവും ന്യായമായതും ആണ്. ഈ വിഷയം വളരെ ആഴമേറിയതാണ്.

മുത്തുകവാടങ്ങളിലൂടെ പുതിയ യെരൂശലേമിലേക്കുള്ള നമ്മുടെ പ്രവേശനം ന്യായപ്രമാണമനുസരിച്ചായിരിക്കണം എന്നതുകൊണ്ട്, നാം എല്ലാവരും മാനസാന്തരപ്പെടുകയും, നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും, "കർത്താവായ യേശുവേ, നീ എന്റെ പാപങ്ങൾക്കുവേണ്ടി മാത്രമല്ല മരിച്ചത്, നീ എനിക്കുവേണ്ടിയും മരിച്ചു. കർത്താവേ, ഞാൻ പാപിയാണെന്നും, നിരവധി പാപങ്ങൾ ഞാൻ ചെയ്തുവെന്നും, മരണത്തിനല്ലാതെ ഞാൻ മറ്റൊന്നിനും യോഗ്യനല്ലെന്നും ഞാൻ ഏറ്റുപറയുന്നു. കർത്താവേ, എനിക്കുവേണ്ടി മരിച്ചതിനാൽ ഞാൻ നിനക്ക് എത്രമാത്രം സ്തോത്രംചെയ്യുന്നു!" എന്ന് പറയുകയും വേണം. ഇത്തരത്തിലുള്ള മാനസാന്തരവും ഏറ്റുപറച്ചിലും ന്യായപ്രമാണത്തിന്റെ ആവശ്യകതകൾ നിറവേറ്റുകയും, നഗരത്തിലേക്കുള്ള നമ്മുടെ പ്രവേശനം നിയമാനുസൃതമാക്കുകയും ചെയ്യുന്നു.

## D. പന്ത്രണ്ടു കവാടങ്ങളിൽ പന്ത്രണ്ടു ദൂതന്മാർ ഉണ്ട്

വാക്യം 12-ന്റെ മധ്യഭാഗം പറയുന്നു, "പന്ത്രണ്ടു കവാടങ്ങളും, കവാടങ്ങളിൽ പന്ത്രണ്ടു ദൂതന്മാരും ഉണ്ടായിരുന്നു". നഗരത്തിന്റെ പന്ത്രണ്ടു കവാടങ്ങൾ ആശയവിനിമയത്തിനു വേണ്ടി, അകത്തേക്കു വരുന്നതിനും പുറത്തേക്കു പോകുന്നതിനും വേണ്ടി ആണ്. സമ്പൂർണ്ണമായ തികവിന്റെയും ദൈവത്തിന്റെ ഭരണനിർവഹണത്തിലെ നിത്യമായ പൂർത്തീകരണത്തിന്റെയും സംഖ്യയാണ് പന്ത്രണ്ട്. ഇക്കാരണത്താൽ, പന്ത്രണ്ടു കവാടങ്ങൾ സൂചിപ്പിക്കുന്നത് പുതിയ യെരൂശലേമിലെ ആശയവിനിമയം ദൈവത്തിന്റെ ഭരണനിർവഹണത്തിനുവേണ്ടി സമ്പൂർണമായി തികഞ്ഞതും നിത്യമായി പൂർണ്ണവും ആകുന്നു എന്നാണ്.

നഗരത്തിന്റെ കവാടങ്ങളിൽ പന്ത്രണ്ടു ദൂതന്മാരുണ്ടെന്ന് വാക്യം 12 നമ്മോടു പറയുന്നു. ദൈവത്തിന്റെ നിത്യവ്യവസ്ഥയിൽ, രക്ഷ അവകാശമാക്കിയവരും, പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും കേന്ദ്രമായ പുതിയ യെരൂശലേമിന്റെ നിത്യാനുഗ്രഹത്തിൽ പങ്കുള്ളവരുമായവർക്ക് സേവനം ചെയ്യുന്ന സേവകാത്മാക്കളാണ് ദൂതന്മാർ. ദൂതന്മാർ നാം അവകാശമാക്കിയതിന്റെ വാതിൽ കാവൽക്കാരും, നാം ദൈവത്തിന്റെ നിത്യവ്യവസ്ഥയിലുള്ള സമ്പന്നമായ അവകാശം ആസ്വദിക്കുന്നവരും ആയിരിക്കും. ഇതെല്ലാം പന്ത്രണ്ട് എന്ന സംഖ്യയുടെ പ്രാധാന്യത്തിൽ ഉൾപ്പെടുന്നു.

പന്ത്രണ്ടു കവാടങ്ങളിലുള്ള ദൂതന്മാർ അകത്തു പ്രവേശിക്കുന്നവരുടെ ആസ്വാദനത്തെ നിരീക്ഷിക്കുന്നു. ലൂക്കൊസ് 15:10-ൽ കർത്താവു പറഞ്ഞു, "അങ്ങനെതന്നെ, ഞാൻ നിങ്ങളോടു പറയുന്നു, ദൈവദൂതന്മാരുടെ സന്നിധിയിൽ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സന്തോഷം ഉണ്ടാകുന്നു." ഒരു പാപി മാനസാന്തരപ്പെടുമ്പോഴെല്ലാം സ്വർഗത്തിലെ ദൂതന്മാർ സന്തോഷത്തിലാണ്. നിങ്ങൾ മാനസാന്തരപ്പെടുകയും കർത്താവിനെ സ്വീകരിക്കുകയും ചെയ്തപ്പോൾ, ഈ വസ്തുതയെക്കുറിച്ച് ദൂതന്മാരോട് നിങ്ങൾ അറിയിച്ചുവോ? തീർച്ചയായും ഇല്ല. നിങ്ങൾ രക്ഷിക്കപ്പെടുന്നതിനും എത്രയോ മുമ്പേ, നിങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനും മുൻനിയമിക്കപ്പെട്ടവനും മുന്നടയാളംചെയ്യപ്പെട്ടവനും ആണെന്നു മനസ്സിലാക്കിക്കൊണ്ട്, ദൂതന്മാർ സദാ സമയവും നിങ്ങളെ നിരീക്ഷിക്കുകയായിരുന്നു. നിങ്ങളുടെ ശാഠ്യം നിമിത്തം മാനസാന്തരപ്പെടുവാൻ പതിനഞ്ചോ ഇരുപതോ വർഷങ്ങളെടുത്തിട്ടുണ്ടാകാം. എന്നാൽ നിങ്ങൾ മാനസാന്തരപ്പെടുകയും കർത്താവായ യേശുവിന്റെ നാമത്തെ വിളിക്കുകയും ചെയ്ത ദിവസം നിങ്ങളെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ദൂതന്മാർ സന്തോഷിച്ചു. "ഇരുപത്തഞ്ചു വർഷമായി

ഞാൻ നിരീക്ഷിച്ചുകൊണ്ടിരുന്നവൻ ഇതാ അവസാനം മാനസാന്തരപ്പെട്ടിരിക്കുന്നു, ഹല്ലേലൂയ്യാ!" എന്ന് നിങ്ങളുടെ ദൂതൻ പറഞ്ഞിട്ടുണ്ടാകും.

Mon നാം സത്യമായും മാനസാന്തരപ്പെടുകയും നമ്മുടെ പാപങ്ങളെ ദൈവത്തോട് ഏറ്റുപറയുകയും ചെയ്യുവോ എന്നും, യിസ്രായേലിന്റെ ന്യായപ്രമാണമനുസരിച്ച് വിശുദ്ധനഗരത്തിലേക്ക് നാം പ്രവേശിച്ചുവോ എന്നും കാണുവാൻ ന്യായപ്രമാണപ്രകാരം ദൂതന്മാർ നമ്മെ നിരീക്ഷിക്കുന്നു. യിസ്രായേൽമക്കൾ ന്യായപ്രമാണത്തെ പ്രതിനിധീകരിക്കുമ്പോൾ "രക്ഷ അവകാശമാക്കുവാനിരിക്കുന്നവരുടെ സേവനത്തിനായി അയച്ചിരിക്കുന്ന സേവകാത്മാക്കളായ" ദൂതന്മാർ വാതിൽ കാവൽക്കാരാണ് (എബ്രാ. 1:14). ഒന്നാമത്, നാം എങ്ങനെ മാനസാന്തരപ്പെടുന്നുവെന്നു കാണുവാൻ ദൂതന്മാർ കവാടങ്ങളിൽ ജാഗരിക്കുന്നു. പിന്നീട്, നാം മാനസാന്തരപ്പെടുകയും പുതിയ യെരൂശലേമിലേക്കു പ്രവേശിക്കുകയും ചെയ്തതിനുശേഷം ദൂതന്മാർ നമ്മുടെ ദാസന്മാരായിത്തീരുന്നു. നാം പ്രപഞ്ചത്തിന്റെ ഉടമസ്ഥരായ അവകാശികളും, ദൂതന്മാർ നമ്മുടെ ദാസന്മാരും ആണ്. പലസ്തീനിലുള്ള യെഹൂദന്മാരുടെ ഇടയിലെ പുരാതന സമ്പ്രദായമനുസരിച്ച് അവകാശികൾ തങ്ങളുടെ ഓഹരിയും അവകാശവും സ്വീകരിക്കുമെന്ന കാര്യത്തിൽ ദാസന്മാർ വിചാരമുള്ളവരായിരുന്നു. അതുപോലെ, നമ്മുടെ പിതാവിന്റെ കുടുംബത്തിലെ ദാസന്മാരായ ദൂതന്മാരും നമ്മുടെ അവകാശത്തെക്കുറിച്ചും അവകാശികൾ നഷ്ടപ്പെട്ടുപോകുകയും വീണുപോകുകയും ചെയ്തു എന്ന വസ്തുതയെക്കുറിച്ചും വളരെ വിചാരമുള്ളവരാണ്. അങ്ങനെ, ദൂതന്മാരായ വാതിൽ കാവൽക്കാർ നാം മടങ്ങിവരുവാൻ കാത്തിരിക്കുന്നു. നാം തിരിച്ചുവരുന്നത് അവർ കാണുമ്പോൾ, അവർ സന്തോഷിക്കുകയും, മാനസാന്തരപ്പെട്ട അവകാശികൾ തങ്ങളുടെ നിയമാനുസൃതമായ അവകാശം ആസ്വദിക്കുവാൻ സന്തോഷത്തോടെ അവരെ സഹായിച്ചുകൊണ്ട് പെട്ടെന്ന് നമ്മെ ശുശ്രൂഷിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. ദൂതന്മാരെക്കുറിച്ചുള്ള ഈ ഹ്രസ്വമായ ആലോചനയാൽ നാം ഒരിക്കൽകൂടെ കാണുന്നത് വെളിപ്പാട് പുസ്തകത്തിലുള്ള ഏതെങ്കിലും കാര്യം മനസ്സിലാക്കുന്നതിന് ആ വിഷയത്തെ സംബന്ധിച്ച തിരുവെഴുത്തുകളിലുടനീളമുള്ള വികാസത്തെ നാം പിന്തുടരണം എന്നാണ്.

സങ്കീർത്തനം 34:7 പറയുന്നു, "യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു." ഈ വാക്യം അനുസരിച്ച്, നമ്മെ സംരക്ഷിക്കുന്നതിന് ദൂതന്മാർ നമുക്കുചുറ്റും പാളയമിറങ്ങുകപോലും ചെയ്യുന്നു എന്നാണ്. "കർത്താവേ, എന്റെ ഭവനത്തെ സംരക്ഷിക്കുന്നതിന് ദൂതന്മാരുടെ സംഘത്തെ അയയ്ക്കുവാൻ നിന്റെ അധികാരത്തെ

പ്രയോഗിക്കണമേ" എന്ന് അനവധി രാത്രികളിൽ ഞാൻ പറഞ്ഞിട്ടുണ്ട്. ഞാൻ യാത്ര ചെയ്യുമ്പോഴും ഹോട്ടലിന്റെ മുകളിലത്തെ നിലയിലെ ഒരു മുറിയിൽ രാത്രി ചിലവഴിക്കുമ്പോഴും ഞാൻ പ്രത്യേകിച്ചും ഈ രീതിയിൽ പ്രാർഥിച്ചിട്ടുണ്ട്. തീപിടിത്തത്തിന്റെ സാധ്യതയെക്കുറിച്ച് ആകുലത ഉണ്ടായിട്ട് എന്റെ ചുറ്റും പാളയമിറങ്ങാൻ ദൂതന്മാരെ അയയ്ക്കേണ്ടതിന് ഞാൻ കർത്താവിനോട് ആവശ്യപ്പെട്ടു. ദൂതന്മാർ വാസ്തവമായും ദൈവസമ്പന്നതയുടെ നിയമാനുസൃതരും നിർവ്യാജരുമായ അവകാശികളുടെ ദാസന്മാരാണ്.

### E. സദാ സമയവും തുറന്നിരിക്കുന്നു

വാക്യം 25 പറയുന്നു, "അതിന്റെ കവാടങ്ങൾ ഒരുവിധത്തിലും പകൽക്കാലത്ത് അടയ്ക്കുകയില്ല, എന്തെന്നാൽ അവിടെ രാത്രി ഉണ്ടായിരിക്കുകയില്ല." നഗരത്തിന്റെ മതിൽ ജാതികളിൽനിന്നും അതിനെ വേർതിരിക്കുന്നുവെങ്കിലും, കവാടങ്ങൾ അതിനെ അവർക്കായി എപ്പോഴും തുറന്നുവച്ചിരിക്കും.

## XIII. അതിന്റെ വീഥി

വാക്യം 21 പറയുന്നു, "നഗരത്തിന്റെ വീഥി സുതാര്യമായ കണ്ണാടിപോലെ ശുദ്ധതങ്കം ആയിരുന്നു." കവാടങ്ങൾ നഗരത്തിനുള്ളിലേക്കു പ്രവേശിക്കുന്നതിനുവേണ്ടിയായിരുന്നെങ്കിൽ, വീഥി ദിവസേനയുള്ള നടപ്പിനുവേണ്ടി, ദിവസേനയുള്ള ജീവിതത്തിനുവേണ്ടി ആണ്. നഗരത്തിലേക്കുള്ള പ്രവേശനം ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെയും, നഗരത്തിൽ ദിവസേനയുള്ള നടപ്പ്, ദിവസേനയുള്ള ജീവിതം, തങ്കംകൊണ്ടുള്ള വീഥി സൂചിപ്പിക്കുന്ന ദിവ്യപ്രകൃതമനുസരിച്ചും ആണ്. വീണ്ടുംജനനമെന്ന പ്രവേശനത്തെതുടർന്ന്, വിശുദ്ധന്മാരുടെ ദിവസേനയുള്ള ജീവിതവും നടപ്പും ദിവ്യപ്രകൃതത്തിന്റെ മാർഗത്തിലായിരിക്കണം. ദിവ്യപ്രകൃതമാണ് അവരുടെ മാർഗം.

വേദപുസ്തകം സ്വാഭാവികമായ മാനുഷിക ധാരണയിൽനിന്നും വ്യത്യസ്തമാണ്. മാനുഷിക ധാരണയനുസരിച്ച്, നാം ഒന്നാമത് വീഥിയിൽ നടക്കുകയും പിന്നീട് കവാടത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. എന്നാൽ വേദപുസ്തകത്തിൽ നാം ഒന്നാമത് കവാടത്തിലൂടെ പ്രവേശിക്കുകയും പിന്നീട് വീഥിയിലൂടെ നടക്കുകയും ചെയ്യുന്നു. കത്തോലിക്കാമതത്തിൽ ജനത്തോടു പറയുന്നത് ആദ്യം പ്രവർത്തിക്കണമെന്നും പിന്നീട് രക്ഷയെ സ്വീകരിക്കണമെന്നുമാണ്. ഈ ചിന്ത പൈശാചികമാണ്. ദൈവത്തിന്റെ വ്യവസ്ഥയിൽ നാം ആദ്യം രക്ഷയെ സ്വീകരിക്കുകയും പിന്നീട് പ്രവർത്തിക്കുകയും ചെയ്യുന്നു. ഒന്നാമത്, നാം കൃപയിലേക്കു പ്രവേശിക്കുകയും, പിന്നീട് നാം കൃപയിൽ നടക്കുകയും

ചെയ്യുന്നു. നടക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിലൂടെ നിങ്ങൾ അവസാനം കൃപ സ്വീകരിക്കുവാൻ യോഗ്യതയുള്ളവനായിരിക്കുമെന്ന് ഒരിക്കലും ചിന്തിക്കരുത്. ഇല്ല, കൃപ സൗജന്യമാണ്. കൃപയാൽ നിങ്ങൾ കവാടങ്ങളിലൂടെ അകത്തു പ്രവേശിച്ചതിനുശേഷം നിങ്ങൾ നടക്കുവാൻ തുടങ്ങുകയും, ഒരു നീണ്ട വഴി നടക്കുവാൻ ആവശ്യമായിരിക്കുകയും ചെയ്യും.

കവാടങ്ങളിൽനിന്നും ദൈവത്തിന്റെ സിംഹാസനം ഇരിക്കുന്ന സ്വർണ്ണമലയുടെ മുകളറ്റംവരെ വളരെ നീണ്ട ഒരു വഴി ഉണ്ട്. സ്വർണ്ണംകൊണ്ടുള്ള ഒരു മലയായ പുതിയ യെരൂശലേം പന്ത്രണ്ടായിരം സ്റ്റഡിയ ഉയരമുള്ളതാണെന്ന് ഓർക്കുക (ആയിരത്തി മൂന്നൂറ്ററുപതു മൈലുകളെക്കാൾ കൂടുതൽ). അതിലുപരി, സ്വർണ്ണംകൊണ്ടുള്ള വീഥി സർപ്പിളമാണ്, ഇത് വഴിയെ വളരെയേറെ നീളമുള്ളതാക്കുന്നു. എന്നിരുന്നാലും, ഈ വീഥിയിലൂടെ നടക്കുകയല്ലാതെ നമുക്ക് വേറെ പോംവഴിയൊന്നുമില്ല. അമ്പത്തൊന്നു വർഷത്തിലധികമായി ഞാൻ ഈ വീഥിയിലൂടെ നടക്കുകയാണ്, ഇപ്പോഴും ഞാൻ യാത്രയിലാണ്. വേഗത്തിൽ നടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നുവെങ്കിലും, ചിലപ്പോൾ സഹോദരന്മാർ എന്നെ പുറകിലേക്കു വലിക്കുകയും, ഞാൻ അവർക്കുവേണ്ടി കാത്തുനിൽക്കുവാൻ നിർബന്ധിതനാകുകയും ചെയ്യുന്നു.

## A. നിസ്തുലമായി ഒന്ന്

പുതിയ യെരൂശലേമിലെ വീഥി നിസ്തുലമായി ഒന്നാണ്. ഇവിടെ കുറുക്കുവഴിയില്ല, വഴി തെറ്റിപ്പോകുകയില്ല, നഷ്ടപ്പെട്ടുപോകുകയുമില്ല. ഈ വീഥി നിസ്തുലമാണ്. നഗരത്തിലേക്ക് ഏതു കവാടത്തിലൂടെ പ്രവേശിച്ചാലും നിങ്ങൾ ഒരേ വീഥിയിൽത്തന്നെയായിരിക്കും. പുതിയ യെരൂശലേമിൽ ബാപ്റ്റിസ്റ്റ് വീഥിയെന്നോ, പ്രസ്ബിറ്റേറിയൻ വീഥിയെന്നോ, മെതഡിസ്റ്റ് വീഥിയെന്നോ, ലൂഥറൺ വീഥിയെന്നോ ഉള്ള യാതൊരു വീഥിയും ഇല്ല. പുതിയ യെരൂശലേമിൽ ഏതെങ്കിലും "പ്രത്യയശാസ്ത്രത്തോടു" ബന്ധപ്പെട്ട വീഥിയും ഇല്ല. വീഥി ദൈവത്തിന്റെ ദിവ്യപ്രകൃതമാണ്. ഈ ദിവ്യപ്രകൃതത്തിൽ നാം ഒന്നാണ്.

## B. ശുദ്ധതങ്കം ആകുന്നു

നഗരത്തിന്റെ വീഥി ശുദ്ധതങ്കംകൊണ്ടുള്ളതാണെന്ന് വാക്യം 21 പറയുന്നു. പൊന്ന് ദിവ്യപ്രകൃതത്തെ സൂചിപ്പിക്കുന്നുവെന്ന് നാം കണ്ടു. നാം രക്ഷിക്കപ്പെടുകയും പുതിയ യെരൂശലേമിലേക്ക് പ്രവേശിക്കുകയും ചെയ്തതിനുശേഷം നമ്മുടെ മാർഗമെന്ന നിലയിൽ ദിവ്യപ്രകൃതത്തിൽ നാം നടക്കണം. ദിവ്യപ്രകൃതമാണ് നമ്മുടെ വഴിയും നമ്മുടെ ബലവും. "സഹോദരൻ ലീ, ഞാൻ കർത്താവിനെ

സ്നേഹിക്കുന്നു, എനിക്ക് പുതിയ യെരൂശലേമിൽ ജീവിക്കണം. ഏതുതരം വസ്ത്രം ഞാൻ ധരിക്കണമെന്നും എങ്ങനെ എന്റെ മുടി അലങ്കരിക്കണമെന്നും പറഞ്ഞുതരാമോ?" എന്ന് ഒരു സഹോദരി എന്നോട് പറയുന്നു എന്നു കരുതുക. അവളുടെ വസ്ത്രങ്ങൾ തിരഞ്ഞെടുക്കുന്നതും അവളുടെ മുടി അലങ്കരിക്കുന്നതും അവളുടെ ഉള്ളിലെ ദിവ്യപ്രകൃതമനുസരിച്ചായിരിക്കണം എന്നു ഞാൻ ഈ സഹോദരിയോടു പറയും. അവളുടെ വസ്ത്രത്തിന്റെ രൂപഭംഗിയും, നിറവും, തുണിയും, ചിത്രപ്പണിയുമെല്ലാം ഉള്ളിലെ ദിവ്യപൊന്നിനനു സരിച്ചായിരിക്കണം. ദിവ്യപ്രകൃതമാണ് നമ്മുടെ വീഥിയും, നമ്മുടെ വഴിയും; നാം എല്ലാവരും അതിനനുസരിച്ച് നടക്കണം. ഇന്ന്, നമ്മുടെ വഴി ചട്ടങ്ങളുടേതല്ല, അത് ദിവ്യപ്രകൃതമാണ്. നിങ്ങളുടെ ഉള്ളിൽ പൊൻപ്രകൃതം ഇല്ലേ? അപ്പോൾ അതിനനുസരിച്ചു നടക്കുക. ദിവ്യപ്രകൃതത്തോടുകൂടെ നിങ്ങൾക്ക് ദിവ്യജീവനുണ്ടായി രിക്കെ എന്തുകൊണ്ട് നിങ്ങൾ അതിൽ നടക്കുന്നില്ല? നിങ്ങളുടെ സംസാരം ദിവ്യപ്രകൃതമനുസരിച്ചാണോ, അതൊ ചെളിമയമായ നിങ്ങളുടെ മാനുഷികപ്രകൃതമനുസരിച്ചാണോ? ഇന്ന് ദൈവത്തിന്റെ പ്രകൃതമാണ് നമ്മുടെ വീഥിയെന്ന് നാം എല്ലാവരും കാണട്ടെ.

കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം ദിവ്യപ്രകൃതത്തിൽ നടന്നുകൊണ്ടിരിക്കുന്നു. നേതൃത്വം നല്കുന്ന നിരവധി സഹോദരന്മാർക്ക് സാക്ഷിക്കുവാൻ കഴിയുന്നതുപോലെ, എന്തു ചെയ്യണമെന്ന് ഞാൻ മറ്റുള്ളവരോടു പറയാറില്ല. മറിച്ച്, അവരുടെ ഉള്ളിലുള്ള ദിവ്യപ്രകൃതമനുസരിച്ച് നടക്കുവാൻ ഞാൻ അവരെ പ്രോത്സാഹിപ്പിക്കുന്നു. ദിവ്യപ്രകൃതം നമ്മുടെ പൊൻവീഥിയായതുകൊണ്ട് സഭാജീവിതത്തിൽ നമുക്ക് ചട്ടങ്ങളുടെ ആവശ്യമില്ല. വീഥി തന്നെയാണ് നമ്മുടെ ചട്ടം, കാരണം യാതൊന്നും ഒരു വീഥിയെക്കാളധികം ജനത്തെ നിയന്ത്രിക്കുന്നില്ല. ഒരു വാഹനം ഓടിക്കുന്നവരെല്ലാം സ്വമേധയാ അവർ വാഹനമോടിക്കുന്ന വീഥിയാൽ നിയന്ത്രിക്കപ്പെടുന്നു. പുതിയ യെരൂശലേമിൽ എല്ലാവരും നിസ്തുലമായ വീഥിയാൽ, നമ്മുടെ ഉള്ളിലുള്ള ദൈവത്തിന്റെ പൊൻപ്രകൃതത്താൽ നിയന്ത്രിക്കപ്പെടുന്നു.

## C. സ്വച്ഛമായ കണ്ണാടിപോലെ

പുതിയ യെരൂശലേമിന്റെ വീഥിയെയും പുതിയ യെരൂശലേമെന്ന നഗരത്തെയും സൂചിപ്പിക്കുന്ന ശുദ്ധതങ്കം സ്വച്ഛമായ കണ്ണാടിപോലെയാണ് (വാ. 18). മുഴുവൻ നഗരവും സ്വച്ഛമാണെന്ന് ഇതു സൂചിപ്പിക്കുന്നു. തങ്കവീഥി യാതൊരു അതാര്യതയും ഇല്ലാതെ പളുങ്കുപോലെ തെളിഞ്ഞതാണ്. മുത്തുകൾ അതാര്യ മായിരിക്കാമെങ്കിലും അവ ഓരോന്നും പകലോ രാത്രിയോ അടയ്ക്കാത്ത, തുറന്നിരിക്കുന്ന വലിയ കവാടമാണ്.

## D. ദൈവത്തിന്റെ സിംഹാസനത്തിൽനിന്നും താഴേക്കു വരുന്ന ഒരു സരിപ്പളം

പുതിയ യെരൂശലേമിന്റെ വീഥി ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കെല്ലാം എത്തിച്ചേരേണ്ടതിന് ദൈവത്തിന്റെ സിംഹാസനത്തിൽനിന്നും താഴേക്ക് വരുന്ന ഒരു സരിപ്പളമാണ്. തന്മൂലം, ഈ വീഥി ഓരോ കവാടത്തിലും എത്തിച്ചേരുന്നു. ഇത് നമ്മെ കവാടങ്ങളിൽനിന്നും ദൈവത്തിന്റെ സിംഹാസനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

## E. നാലു ദിശയിലുള്ള പന്ത്രണ്ടു കവാടങ്ങളെയും സേവിക്കുന്ന ഒരു വീഥി

ഒരു വീഥി നാലു ദിശയിലുമുള്ള പന്ത്രണ്ടു വീഥികളെയും സേവിക്കുന്നു. ഈ വീഥിയാൽ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരെല്ലാം ദൈവത്തിന്റെ സിംഹാസനത്തിലേക്കു നയിക്കപ്പെടുന്നതിനാൽ അവർ ഈ വീഥിയിൽ പൂർണ ഒരുമയിൽ നടക്കുന്നു. തന്മൂലം, പുതിയ യെരൂശലേമിൽ ഒരു ലക്ഷ്യത്തിലേക്കു നയിക്കുന്ന ഒരു വീഥി ഉണ്ട്.

## F. ജീവസഹായത്താൽ

വെളിപ്പാട് 22:1 പറയുന്നു, "വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജലനദി അവൻ എന്നെ കാണിച്ചു." ജീവജലനദി വീഥിയുടെ നടുവിൽ ഒഴുകുന്നുവെന്ന് ഈ വാക്യം വെളിപ്പെടുത്തുന്നു. അതുകൊണ്ട്, ഈ വീഥിയിൽ ജീവസഹായമുണ്ട്. കൂടാതെ, 22:2 പറയുന്നതുപോലെ, "നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു." നദിയിൽ നിൽക്കുന്ന ജീവവൃക്ഷം വീഥിയിലുടനീളം ഇരു വശങ്ങളിലും വളരുന്നുവെന്ന് ഇവിടെ നാം കാണുന്നു. അങ്ങനെ, ജീവസഹായമെല്ലാം വീഥിയോടു ബന്ധപ്പെട്ടിരിക്കുന്നു. നാം ദിവ്യപ്രകൃതത്തിനനുസരിച്ച് എത്രത്തോളം നടക്കുകയും പ്രവർത്തിക്കുകയും, നമ്മുടെ ആളത്തമായിരിക്കുകയും ചെയ്യുന്നുവോ, അത്രത്തോളം ജീവസഹായം നാം സ്വീകരിക്കും. എന്നാൽ, നിങ്ങളുടെ ഉള്ളിലുള്ള ദിവ്യപ്രകൃതത്തിനുവേണ്ടി നിങ്ങൾ കരുതാതെ നിങ്ങളുടെ അഭിരുചിക്കനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നുവെങ്കിൽ, നിങ്ങൾക്ക് ഉടനെതന്നെ ജീവസഹായം നഷ്ടമാകും. എന്നാൽ നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ പ്രായോഗികമായ രീതിയിൽ നിങ്ങളുടെ ഉള്ളിലുള്ള ദിവ്യപ്രകൃതത്തെ നിങ്ങൾ കരുതുന്നുവെങ്കിൽ, പൊൻവീഥിയിലുടനീളം കാണപ്പെടുന്ന സമ്പന്നമായ ജീവസഹായം നിങ്ങൾ ആസ്വദിക്കും.